CAPEX
Kerala State Cashew Workers Apex
Industrial Co-operative Society Ltd.
P.B.No. 262, Industrial Development Plot
H & C Compound, Mundakkal West, Kollam - 691 001.
Reg.No. : IND(ST) 12
Phone : 0474 - 2742499, 2765644
e-mail : cashewcapex@rediffmail.com
website : www.cashewcapex.com

**No: Capex/COM/EG/2024-25/01** **22.06.2024**

## കാലി ചാക്ക് വിൽപ്പനയ്ക്ക്

കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറിയിൽ സ്റ്റോക്ക് ചെയ്തിട്ടുള്ള വിവിധയിനം കാലിച്ചാക്കുകൾ എടുക്കുന്നതിന് താല്പര്യമുള്ളവരിൽ നിന്ന് സീൽ വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനിൽ ഓരോയിനത്തിലുമുള്ള ഒരു ചാക്കിന്റെ റേറ്റ് പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം **25000/-** രൂപ നിരതദ്രവ്യം **RTGS** ആയോ എം.ഡി യുടെ പേരിൽ കൊല്ലത്ത് മാറാവുന്ന **DD** ആയോ ഒടുക്കേണ്ടതാണ്. ക്വട്ടേഷൻ **29/06/2024** ഉച്ചയ്ക്ക് **12.00** വരെ കാപ്പെക്സ് ഹെഡ്ഡോഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് **12.30** മണിക്ക് അപ്പോൾ സന്നിഹിതരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നവർ അവർക്ക് അനുവദിച്ച് കിട്ടുന്ന ചാക്കിന്റെ വിലയുടെ **5%** സെക്യൂരിറ്റി ഡിപ്പോസിറ്റായി ക്വട്ടേഷൻ അനുവദിച്ച തീയതി മുതൽ **2** ദവസത്തിനുള്ളിൽ അതായത് **31/06/2024 5** മണിക്ക് മുമ്പായി കാപ്പെക്സ് ഹെഡ്ഡോഫീസിൽ **RTGS** ആയോ കൊല്ലത്ത് മാറത്തക്ക വിധം എം.ഡിയുടെ പേരിൽ **DD** ആയോ, ഒടുക്കിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പാർട്ടിയുടെ അവകാശം നഷ്ടപ്പെടുന്നതും, കാപ്പെക്സിന്റെ ടെൻഡർ നിയമങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. കാലിച്ചാക്കിന്റെ വിലയും നിലവിലുള്ള വിൽപ്പന നികുതിയും ഉൾപ്പെടെയുള്ള തുക അടച്ച് **2** ആഴ്ചയ്ക്കുള്ളിൽ മുഴുവൻ കാലിച്ചാക്കുകളും ഫാക്ടറികളിൽ നിന്നും സ്വന്തം ചെലവിൽ എടുത്തുമാറ്റേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ചാക്കുകൾ എടുത്ത് മാറ്റാത്ത പക്ഷം ഇ.എം.ഡി, സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ കാപ്പെക്സ് കണ്ടുകെട്ടി അനന്തര നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഫാക്ടറിയിൽ തിരിഞ്ഞ് റോൾ ചെയ്ത് വെച്ചിട്ടുള്ള ചാക്കുകൾ വീണ്ടും തിരിഞ്ഞ് മാറ്റാൻ പാടില്ലാത്തതും അവ എപ്രകാരമാണോ അതുപോലെ തന്നെ എടുക്കേണ്ടതുമാണ്. ചാക്കിന്റെ ഇനം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ഫാക്ടറിയിൽ ജോലിയുള്ള ദിവസങ്ങളിൽ രാവിലെ **8.00** നും **5.00** നും ഇടയ്ക്കുള്ള പ്രവർത്തി സമയങ്ങളിൽ പ്രസ്തുത കാലിച്ചാക്കുകൾ പരിശോധിക്കാവുന്നതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

മാനേജിംഗ് ഡയറക്ടർ